# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 21 23.01.2018- ൽ മറുപടിയ്ക്ക്

**ലോക കേരള സഭ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. കെ. എം. ഷാജി**<br>**ശ്രീ. ടി.എ. അഹമ്മദ് കബീർ**<br>**ശ്രീ. പി. കെ. ബഷീർ**<br>**ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) ലോക കേരള സഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | എ) കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും 'കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ കേരളീയരുടെ പൊതു വേദിയായി വിഭാവനം ചെയ്ത് കൊണ്ടാണ് ലോക കേരള സഭ രൂപീകരിച്ചിട്ടുള്ളത്. ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിന് വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം.<br>കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവരുടെ എന്ന പോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ ലോക കേരള സഭ നിർണ്ണായക പങ്ക് വഹിക്കുന്നതാണ്. കേരളത്തിന്റെ നന്മയെ മുൻനിർത്തിയുള്ള ആശയങ്ങളും പ്രായോഗിക പ്രവർത്തന പരിപാടികളും അവതരിപ്പിക്കുന്നതിനും ചർച്ച |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനും പൊതു സമ്മതമായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുന്നതിനും ലോക കേരളസഭ അവസരമൊരുക്കുന്നതാണ്. |
| ബി) | ഈ സഭയിലേയ്ക്ക് അംഗങ്ങളെ തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ; | ബി) | ലോക കേരള സഭയിലേയ്ക്ക് നിയമസഭാംഗങ്ങളും, പാർലമെന്റ് അംഗങ്ങളും ഒഴികെയുള്ള അംഗങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഓരോ സംസ്ഥാനത്തെയും രാജ്യത്തെയും കേരളീയരുടെ എണ്ണം, ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതു സമൂഹത്തിന് നൽകിയ സംഭാവനകൾ തുടങ്ങിയ പരിഗണനകൾ മുൻനിർത്തിയാണ്, ഇതിനായി സർക്കാർ നിയോഗിച്ച സമിതി തയ്യാറാക്കിയ പാനലിൽ നിന്നും അംഗങ്ങളെ നിശ്ചയിച്ചത്. |
| സി) | ഇതിന് ചെലവായ തുക എത്രയാണ് ; | സി) | ചെലവുകൾ കണക്കാക്കി വരുന്നതേയുള്ളൂ. |
| ഡി) | ഇതുമൂലം സംസ്ഥാനത്തുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | ഡി) | പ്രശസ്തരായ പ്രവാസി കേരളീയരുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും വിവിധ മേഖലകളിലെ അറിവും കഴിവുകളും വൈദഗ്ദ്ധ്യവും കേരള സംസ്ഥാനത്തിന്റെ വികസനത്തിനും പ്രശ്ന പരിഹാരത്തിന് ഉതകുന്നതിനും കൂടാതെ സഭ നല്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ നയരൂപീകരണത്തിൽ മാർഗ്ഗ നിർദ്ദേശിയാകും എന്നതുമാണ് ഇത് മൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം. |

സെക്ഷൻ ഓഫീസർ